ഉത്തരം

(എ ആന്റ് ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാരിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ നോർക്കാ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് പോലീസിൽ പരാതി നൽകുകയും കുറ്റക്കാരെ പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്ന തിരുവനന്തപുരം മ്യൂസിയം പോലീസ് വ്യാജ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി നൽകുന്ന സംഘത്തിൽപ്പെട്ട 2 പേരെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്വേഷണം തുടരുന്നുണ്ട്.

റൂട്ട്സിലെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

414 [2478] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് നോർക്കയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച റൂട്ട്സ് എന്ന സ്ഥാപനത്തിൽ നാളിതുവരെ അറ്റസ്റ്റേഷനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനി അറ്റസ്റ്റ് ചെയ്യാൻ എത്ര എണ്ണം ബാക്കിയുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

14-7-2004 വരെയുള്ള കണക്കനുസരിച്ച് ഇനി 4191 സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്.

വടകരയിലെ എൻ. ആർ. ഐ. ഫോറം

415 [2479] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര പാർലമെന്റ് മണ്ഡലം ഉൾക്കൊള്ളുന്ന പ്രദേശത്തുള്ള എൻ. ആർ. ഐ.-ക്കാർ ചേർന്നു വടകര എൻ. ആർ. ഐ. ഫോറം രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സംഘടനയ്ക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ കഴിയുക എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൻ. ആർ. ഐ. സംഘടനകൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിൽ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly